**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1144** **02-02-2026 - ൽ മറുപടിയ്ക്ക്**

**കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ദിവസവേതനക്കാരുടെ വേതന വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വാട്ടർ അതോറിറ്റിയിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ദിവസവേതനക്കാരായ തൊഴിലാളികളുടെ വേതന വർദ്ധനവിനും തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (എ) | കേരള വാട്ടർ അതോറിറ്റിയിൽ വിവിധ പ്രവൃത്തികൾക്കായി കരാറുകാർ (Contractors) മുഖേനയാണ് ദിവസവേതനക്കാരായ തൊഴിലാളികളെ നിയോഗിച്ചിട്ടുള്ളത്. നിലവിൽ 28.09.2012-ലെ ജി.ഒ (എം.എസ്) നമ്പർ 68/2012 പ്രകാരമുള്ള കേരള പി.ഡബ്ല്യു.ഡി. ഷെഡ്യൂൾ ഓഫ് റേറ്റ്സ് (SOR) അടിസ്ഥാനമാക്കിയാണ് ഇത്തരം ജീവനക്കാർക്ക് വേതനം നിശ്ചയിച്ചിരിക്കുന്നത്. 18.02.2020-ൽ ചേർന്ന 413-ാമത് കേരള വാട്ടർ അതോറിറ്റി ബോർഡ് യോഗത്തിലെ തീരുമാനപ്രകാരം (തീരുമാനം നമ്പർ 11011) പ്രസ്തുത നിരക്കിൽ 25 ശതമാനം വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമെ, കരാർ തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി വാട്ടർ അതോറിറ്റി നിയോഗിച്ച കമ്മിറ്റി സമർപ്പിച്ച 'HR Streamlining' റിപ്പോർട്ട് 22.02.2022-ൽ ചേർന്ന 424-ാമത് ബോർഡ് യോഗം അംഗീകരിക്കുക യുണ്ടായി. ഇവരുടെ കൂലി പുതുക്കുന്നതുൾ പ്പെടെയുള്ള പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിനായി സർക്കാരിൽ ശിപാർശ ലഭ്യമാക്കിയിരുന്നു. തുടർന്ന് ചില അധികവിവരങ്ങൾ ലഭ്യമാക്കുന്നതിന് മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത വിവരം ലഭ്യമാക്കുന്ന മുറയ്ക്ക് സർക്കാർ തുടർനടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ